**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ വികസനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഐ. ബി. സതീഷ്</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രൈമറി ഹെൽത്ത് സെന്ററുകളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയത്; പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി നടത്തിയ സിവിൽ വർക്കുകൾക്ക് ചെലവായ തുക, ആരോഗ്യസംരക്ഷണത്തിനായി ഒരുക്കിയ മറ്റ് സംവിധാനങ്ങൾ എന്നിവ പ്രത്യേകമായി വിശദമാക്കാമോ?</td><td>(എ)</td><td>കാട്ടാക്കട നിയോജക മണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ നം</th><th>സ്ഥാപനം</th><th>ചെലവഴിച്ച തുക</th></tr><tr><td>1</td><td>വിളവൂർക്കൽ</td><td>10,13,868</td></tr><tr><td>2</td><td>മാറനല്ലൂർ</td><td>11,42,095</td></tr><tr><td>3</td><td>ആമച്ചൽ</td><td>9,92,096</td></tr><tr><td>4</td><td>പള്ളിച്ചൽ</td><td>12,62,693</td></tr></table><br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമേ എഫ്.എച്ച്.സി പള്ളിച്ചലിൽ 2022-23 കാലഘട്ടത്തിൽ പഞ്ചായത്ത് പ്രോജക്ട് വഴി 2,07,346/- രൂപ ഉപയോഗിച്ച് ആവശ്യമായ ഹോസ്പിറ്റൽ ഫർണീച്ചറുകളും അനുബന്ധ സാമഗ്രികളും വാങ്ങി. പഞ്ചായത്ത് മുഖേന 13 ലക്ഷം രൂപ ഉപയോഗിച്ച്</td></tr>
</table>

| | | | |
|---|---|---|---|
| | | | കെട്ടിട നവീകരണവും ഷീറ്റ് വർക്കുകളും രോഗികൾക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങളും ഏർപ്പാടാക്കി. ഹെൽത്ത് ഗ്രാന്റ് 25 ലക്ഷം രൂപ ഉപയോഗിച്ച് എടക്കോട് ജനകീയ ആരോഗ്യകേന്ദ്രം പുതുതായി പണി കഴിപ്പിച്ചു. 2022-23 കാലഘട്ടത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 6 ലക്ഷം രൂപയുടെ ലാബ് ഉപകരണങ്ങൾ വാങ്ങി. 2023-24 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 20 ലക്ഷം രൂപയുടെ ലാബ് ഉപകരണങ്ങളും ലാബ് നവീകരണത്തിനുള്ള സാമഗ്രികളും വാങ്ങി.<br><br>എഫ്.എച്ച്.സി വിളവൂർക്കൽ ലാബിന്റെ സ്രൈങ്ത്തനിംഗ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി Fully Automatic Biochemistry Analyzer Rs. 6,72,900/- FIA(Fluroscent Immuno Assay) Meter Rs.1,25,090/- എന്നിവ വാങ്ങി.<br><br>മാറനല്ലൂർ എഫ്.എച്ച്.സിയിൽ എം.എൽ.എ ഫണ്ട് 20 ലക്ഷം രൂപ ഉപയോഗിച്ച് ഒ പി ബിൽഡിംഗ് നിർമ്മിച്ചു. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് .<br><br>എഫ്.എച്ച്.സി കാട്ടാക്കട (ന്യൂ) ആമച്ചലിൽ 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ